# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-1886 | 04.10.2011-ൽ മറുപടിക്ക്

## നീലേശ്വരം ഇ. എം. എസ്. സ്റ്റേഡിയം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

നീലേശ്വരം ഇ. എം. എസ്. സ്റ്റേഡിയം നിർമ്മാണത്തിന് കഴിഞ്ഞ സർക്കാർ 2 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനം നാളിതുവരെയായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

ഇതിനായി 2010-11 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയുടെ അടങ്കൽ തുകയോടുകൂടി ഭരണാനുമതിയും '2204-00-104-11-ഇ.എം.എസ്. സ്റ്റേഡിയം നീലേശ്വരം (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള ഉത്തരവും നൽകിയിരുന്നു. എന്നാൽ ടി ശീർഷകത്തിൽ 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രസ്തുത തുക പുനർവിന്യാസം വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

സെക്ഷൻ ഓഫീസർ